LIBRARY ARCHIVES Kerala Legislative Assembly

ആർബിട്രേഷൻ സംബന്ധിച്ച കേസുകൾ

57 [671] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ശക്തൻ:
„ ഡി. സുഗതൻ:
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാന ഹൈക്കോടതിയിൽ ആർബിട്രേഷൻ സംബന്ധിച്ച് എത്ര കേസുകൾ വന്നു;

(ബി) ഈ കേസുകളിൽ ഒട്ടാകെ അടങ്ങിയ തുക എത്രയായിരുന്നു;

(സി) ഈ കേസുകളിൽ എത്രയെണ്ണത്തിൽ ഗവൺമെന്റിന് എതിരായി വിധിയുണ്ടായി;

(ഡി) എന്തു തുക ഈ ഇനത്തിൽ കക്ഷികൾക്ക് കൊടുക്കേണ്ടിവന്നു;

(ഇ) പരാജയപ്പെട്ട എത്ര ആർബിട്രേഷൻ കേസുകൾ അപ്പീലിനു പോയിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാന ഹൈക്കോടതിയിൽ ആർബിട്രേഷൻ സംബന്ധിച്ച് 12 കേസുകൾ വന്നു.

(ബി) ഈ കേസുകളിൽ ഒട്ടാകെ അടങ്ങിയ തുക 12,32,16,862 (പന്ത്രണ്ട് കോടി മുപ്പത്തിരണ്ടു ലക്ഷത്തി പതിനെണ്ണായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട്) രൂപയാണ്.

(സി) ഈ കേസുകളിൽ 4 എണ്ണത്തിൽ ഗവൺമെന്റിന് എതിരായി വിധിവന്നു.

(ഡി) 8,93,03,429 (എട്ടു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തിയൊൻപത് രൂപ) ഈ ഇനത്തിൽ കക്ഷികൾക്ക് കൊടുക്കേണ്ടി വന്നു.

(ഇ) പരാജയപ്പെട്ട ആർബിട്രേഷൻ കേസുകളിൽ 3 എണ്ണത്തിൽ അപ്പീലിനു വേണ്ടിയുള്ള നടപടി എടുത്തു കൊണ്ടിരിക്കുന്നു.

മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ അടച്ച തുക

58 [672] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവർക്കു വീടു നിർമ്മിച്ചു നൽകുന്നതിനുവേണ്ടി കേരളത്തിലെ എത്ര പഞ്ചായത്തുകൾ പണം അടച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) മൈത്രി ഭവന പദ്ധതി നടപ്പിലാക്കിയതുകൊണ്ട് പഞ്ചായത്തുകൾ അടച്ച ഫണ്ട് ഭവന നിർമ്മാണ ബോർഡിൽ കെട്ടിക്കിടക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്തുകൾ അടച്ച പണം മടക്കി കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 784 ഗ്രാമപഞ്ചായത്തുകളും 92 ബ്ലോക്ക് പഞ്ചായത്തുകളും 9 ജില്ലാ പഞ്ചായത്തുകളും 32 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും പണം അടച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) പഞ്ചായത്തുകൾ അടച്ച തുകയിൽ ഗുണഭോക്താക്കൾക്കു നൽകിയ വിഹിതത്തിന്റെ ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകാനുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതി

59 [675] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വരവു ചെലവ് കണക്കുകളുടെ ഓഡിറ്റ് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; എങ്കിൽ ഇതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്തിൽ ആരംഭിച്ച കേന്ദ്രം അടച്ചു പൂട്ടിയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.ഡി.സി. എന്ന സ്വിസ് ഏജൻസിയുമായി സഹകരിച്ചു കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 2000-2001 കാലയളവിൽ 60 ലക്ഷം രൂപ ചെലവിൽ ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ വികസിപ്പിക്കുന്ന ഒരു പദ്ധതി

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[2-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 58 (672)-ന്റെ ഉത്തരം ദയവായി കാണുക.]

മൈത്രീ നിക്ഷേപ പദ്ധതിപ്രകാരം ബോർഡിൽ നിക്ഷേപം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു

	ജില്ല	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപിച്ച തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാനുള്ള തുക (പ്രീ ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം
1.	തിരുവനന്തപുരം	295.60	2332	37.59	216
2.	കൊല്ലം	567.26	4422	45.81	372
3.	ആലപ്പുഴ	2150.43	17031	190.84	2894
4.	പത്തനംതിട്ട	1481.43	11346	318.10	1853
5.	കോട്ടയം	1394.35	11271	199.71	1640
6.	ഇടുക്കി	2024.39	17150	338.88	2575
7.	എറണാകുളം	2310.67	15552	347.59	2093
8.	തൃശ്ശൂർ	887.45	7296	150.27	1107
9.	പാലക്കാട്	1242.22	10115	3.43	745
10.	മലപ്പുറം	1342.44	10435	158.14	1542
11.	കോഴിക്കോട്	996.67	8321	140.27	1691
12.	കണ്ണൂർ	968.67	7615	122.21	809
13.	വയനാട്	503.87	4023	12.5	281
14.	കാസറഗോഡ്	1168.18	8059	150.10	947
	ആകെ	17333.63	134968	2215.44	18765

LIBRARY ARCHIVES Kerala Legislative Assembly